പ്രതിവാരം

സീതി

# ദലിത് മായ

**മൂന്ന്** വർഷം മുമ്പ് ഹൈദറാബാദിൽ വെച്ച്, ഒരു ദലിത് സംഗീതോത്സവത്തിനിടയിലാണ് ആദ്യമായി കാഞ്ചാ ഐലയ്യയെ കാണുന്നതും സംസാരിക്കുന്നതും. കേരളത്തിലെ പ്രശസ്ത ദലിത് സംഗീതജ്ഞനായ സി.ജെ കുട്ടപ്പനും സംഘവും ചേർന്ന് അവതരിപ്പിച്ച സംഗീത നൃത്തമായിരുന്നു അതിലെ ഏറ്റവും ശ്രദ്ധേയമായ ഇനങ്ങളിലൊന്ന്. പരിപാടിയിൽ പങ്കെടുത്ത മലയാളി പെൺകുട്ടികൾ നൃത്തം ചെയ്യുമ്പോൾ ഗ്രാമീണ പാവാടയും കുപ്പായവുമായിരുന്നു ധരിച്ചിരുന്നത്; ചിലർ സാരിയും. പരിപാടി ഉദ്ഘാടനം ചെയ്തതും സമാപന പ്രസംഗം നടത്തിയതും ഐലയ്യ. സമാപന പ്രസംഗത്തിൽ അദ്ദേഹം കേരളത്തിലെ പെൺകുട്ടികളെ ഉപദേശിച്ചതിങ്ങനെ: ഈ പാവാടയും സാരിയും ഒഴിവാക്കണം. ഇനി നൃത്തം ചെയ്യാൻ വരുമ്പോൾ ജീൻസും ടീ ഷർട്ടും ധരിച്ചു വേണം വരാൻ.

ഇന്ത്യയിലെ ഏറ്റവും ശക്തനായ ദലിത് സൈദ്ധാന്തികനാണ് കാഞ്ചാ ഐലയ്യ. സാരി വലിച്ചെറിഞ്ഞ്, ജീൻസും ടീ ഷർട്ടും ധരിച്ച് പ്രസംഗവേദികളിൽ വരൂ എന്ന് ഒരിക്കൽ അദ്ദേഹം സോണിയാ ഗാന്ധിയെ ഉപദേശിച്ചിട്ടുണ്ട്. സാരിയിലും പാവാടയിലുമെല്ലാം അദ്ദേഹം സവർണ ബിംബങ്ങൾ ദർശിക്കുന്നുണ്ട്. സവർണവും ബ്രാഹ്മണികവുമായ എല്ലാ ചിഹ്നങ്ങളെയും ഒഴിവാക്കുക എന്നത് അദ്ദേഹത്തിന്റെ സൈദ്ധാന്തിക വ്യവഹാരത്തിന്റെ പ്രധാനപ്പെട്ട ഒരു അടിത്തറയാണ്. അങ്ങനെയാണ് പശുവിന് പകരം അദ്ദേഹം എരുമയെ ഉയർത്തിക്കാട്ടുന്നത്. 'എരുമ ദേശീയത' എന്ന അദ്ദേഹത്തിന്റെ പ്രയോഗം ഇന്ത്യൻ ദലിത് അന്വേഷണങ്ങളിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

വസ്ത്രത്തിന് രാഷ്ട്രീയമുണ്ട് എന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. വസ്ത്രധാരണത്തിലെ ആഭിജാത്യ ബോധങ്ങളെ തകർത്തുതരിപ്പണമാക്കുന്നതിൽ ആഗോളവത്കരണത്തിനും ഫാഷൻ സങ്കൽപങ്ങൾക്കും വലിയ പങ്കുണ്ടെന്നതും വലിയൊരു ശരിയാണ്. മുമ്പ് അധഃസ്ഥിതന് ഒരു പ്രത്യേക തരം വസ്ത്രവും സവർണന് മറ്റൊരു വസ്ത്രവുമായിരുന്നു. സവർണന്റെ വസ്ത്രം ദലിതന് അപ്രാപ്യമായിരുന്നു. ഇന്ന് അറുപതു രൂപക്ക് നിങ്ങൾക്ക് ഒരു ജീൻസും ടീ ഷർട്ടും ലഭിക്കും. അറുനൂറ് രൂപക്കും ലഭിക്കും. ഇത് ധരിച്ച ദലിതനെയും സവർണനെയും പക്ഷേ നിങ്ങൾക്ക് ഒരു നഗരചത്വരത്തിൽ ഒറ്റക്കാഴ്ചയിൽ വേർതിരിക്കാൻ സാധ്യമല്ല. ദലിതന്റെ മോചനം ആഗോളവത്കരണത്തിലൂടെ എന്ന് ചില ദലിത് സൈദ്ധാന്തികർ പറയുന്നതിന്റെ ന്യായം അവിടെയാണ്.

ഈ ശരികളെല്ലാം ഉള്ളതോടൊപ്പം തന്നെ, സവർണ/ബ്രാഹ്മണ ചുവയുള്ള, അതുമായി ഏതെങ്കിലും തരത്തിൽ സാംസ്കാരിക ബന്ധമുള്ള എല്ലാം അശ്ലീലമാണ് എന്ന കാഴ്ചപ്പാട് അൽപം അതിരുകടന്നതു തന്നെയാണ്. ഇന്ത്യയിലെ ദലിത് സൈദ്ധാന്തികതയുടെ ഏറ്റവും വലിയ അപകടങ്ങളിലൊന്നും അതുതന്നെയാണ്. സവർണമായ എന്തും അശ്ലീലം എന്ന സമവാക്യം അവർ രൂപപ്പെടുത്തിയിരിക്കുന്നു. സവർണ വരേണ്യബോധത്തിനെതിരെ അവർണ വരേണ്യബോധമാണ് പല ദലിത് സൈദ്ധാന്തികരും ബോധത്തിലോ അബോധത്തിലോ ഉയർത്തിപ്പിടിക്കുന്നത്. ഐലയ്യയുടെ അന്നത്തെ പ്രസംഗങ്ങളിലും മുഴച്ചുനിന്നത് ഈ ബോധമായിരുന്നു. പരിപാടിക്കു ശേഷം അൽപനേരം അദ്ദേഹവുമായി സംസാരിക്കാൻ അവസരം ലഭിച്ചു. 'നിങ്ങളെങ്ങാനും സവർണനായിട്ടാണ് ജനിച്ചിരുന്നതെങ്കിൽ ഗോൾവാൾക്കറേക്കാൾ ഭീകരനാകുമായിരുന്നു' എന്ന് അദ്ദേഹത്തോട് പറഞ്ഞു. സൗമ്യനെന്ന് തോന്നിച്ച ഐലയ്യ സാർ പൊട്ടിത്തെറിക്കുന്നതാണ് പിന്നീട് കണ്ടത്. ഒരു പതുങ്ങിയ ചിരിയോടെ ഞാൻ എഴുന്നേറ്റ് പോന്നു.

'ദലിത് ഗോൾവാൾക്കർ' എന്ന് ഐലയ്യയെ വിളിച്ചാൽ ദലിത് സുഹൃത്തുക്കൾ ഒരുപക്ഷേ ക്ഷോഭിക്കും. പക്ഷേ സംഗതി ആ നിലക്കാണ് പലപ്പോഴും പോകുന്നത്. ബ്രാഹ്മണർക്കും സവർണർക്കുമെതിരായ പ്രതിവരേണ്യബോധം സൃഷ്ടിക്കുന്നതായിപ്പോകുന്നുണ്ട് നമ്മുടെ കാലത്തെ ദലിത് അന്വേഷണങ്ങൾ പലതും. മനുഷ്യരെ ഒന്നായി കാണാൻ ശ്രമിക്കുന്നില്ല എന്നതാണ് ഈ ചിന്താപദ്ധതിയുടെ ഏറ്റവും വലിയ ദാർശനിക ദൗർബല്യം. സവർണതക്കെതിരെ അവർണത എന്നതാണ് ഈ ചിന്താപദ്ധതിയുടെ അടയാളവാക്യം. സവർണരുമായി ഒരു അഡ്ജസ്റ്റ്മെന്റും സാധ്യമല്ല എന്ന് കട്ടായം.

ദലിത് സൈദ്ധാന്തികരിൽ അഭിപ്രായഭേദമന്യേ ഏതാണ്ടെല്ലാവരുടെയും ഏറ്റവും വലിയ കൾട്ട് ഫിഗറാണ് കുമാരി മായാവതി. മായാവതി ഉത്തർപ്രദേശിൽ ഒറ്റക്ക് അധികാരത്തിൽ വന്നത് ഇവരെ ശരിക്കും ത്രസിപ്പിച്ചിട്ടുണ്ട്. പക്ഷേ, ഈ ഉത്സാഹച്ചൂടിൽ മറന്നുപോകുന്ന ഒരു പ്രധാന കാര്യമുണ്ട്. അതായത്, പല ദലിത് സൈദ്ധാന്തികരും കെട്ടിപ്പടുത്ത വിചാര മാതൃകയെ തകർത്തുകൊണ്ടാണ് ഇക്കുറി മായാവതി ലഖ്നൗവിലെ വിധാൻ സഭയിലെത്തുന്നത്. 'ദലിത്-ബ്രാഹ്മണ ഭായി ഭായി' മുദ്രാവാക്യം മുഴക്കിയാണ് ഇക്കുറി ബഹൻജി വോട്ടർമാരെ സമീപിച്ചത്. അത് ശരിക്കും ക്ലിക്ക് ചെയ്തു. കേവല ഭൂരിപക്ഷത്തിന് ആ തന്റേടി അധികാരത്തിലേറുകയും ചെയ്തു. സ്വപ്നത്തിലെ ഏറ്റവും വലിയ ദലിത് പ്രസ്ഥാനം അധികാരത്തിലെത്തുമ്പോൾ സ്വപ്നത്തിലെ വലിയൊരു പ്രത്യയശാസ്ത്രമാണ് കൊഴിഞ്ഞില്ലാതെപോയത്!

ഈ പുതുസമവാക്യമാറ്റത്തെക്കുറിച്ച് ദലിത് സൈദ്ധാന്തികർ ഗൗരവത്തിൽ പ്രതികരിച്ചത് ഇതുവരെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ ഇതു സംബന്ധമായി സംഘ്പരിവാർ ബുദ്ധിജീവികളുടെ വിശകലനം ശ്രദ്ധിക്കുന്നത് നന്നായിരിക്കും: *ബഹുജനസമാജം, ബ്രാഹ്മണ സമാജം, ഠാക്കൂർ, രജപുത്രർ, കൂർമി, യാദവ് ഇവരെല്ലാം വിശാല ഹിന്ദുസമാജത്തിന്റെ അംഗങ്ങളാണ്. രാജനൈതിക ഹിന്ദുത്വത്തിന്റെ നൂതന വ്യാഖ്യാനം മായാവതി മുന്നോട്ടുവെച്ചിരിക്കുന്നു. ആനയാണ് ബഹുജൻ സമാജ് പാർട്ടിയുടെ ചിഹ്നം. ഈ ആനയെ അവർ വർണിച്ചത്, 'ഹാഥീ നഹീം ഗണേശ് ഹൈ; ബ്രഹ്മാ, വിഷ്ണു, മഹേഷ് ഹൈ' എന്നു വ്യാഖ്യാനിച്ചുകൊണ്ടായിരുന്നു. ധർമസങ്കൽപം മുഖ്യമായും നീതി സങ്കൽപത്തിൽ അധിഷ്ഠിതമാണ്. ധർമസംരക്ഷണം എന്നാൽ നീതിയുടെ സംരക്ഷണം എന്നർഥം. നീതിയിലധിഷ്ഠിതമായ ഭരണം നടപ്പാക്കുകയും അനീതിയെ മുച്ചൂടും നശിപ്പിക്കുകയും ചെയ്യുക എന്നതാണ് തന്റെ ലക്ഷ്യമെന്നാണ് മായാവതി പറഞ്ഞത്...*

*അതിനുവേണ്ടി ഹിന്ദു, ഹിന്ദുത്വം എന്നീ പദങ്ങൾ ഉപയോഗിക്കേണ്ട ആവശ്യകത അവർക്ക് അനുഭവപ്പെട്ടില്ല. ഇത്തരം പദങ്ങൾ ഉപയോഗിക്കാതെ തന്നെ മായാവതി ഹിന്ദുക്കൾക്കിടയിൽ രാജനൈതികമായ സമരസത സൃഷ്ടിക്കുന്ന പ്രവർത്തനം ചെയ്തു. അവർ ഹിന്ദുക്കളുടെ പൊതുവായ രാജനൈതിക ആഗ്രഹാഭിലാഷങ്ങളെ തിരിച്ചറിയുകയും അതിനെ അഭിവ്യക്തമാക്കാൻ പോന്ന ഒരു മാധ്യമത്തെ സൃഷ്ടിക്കുകയും ചെയ്തു...ഹിന്ദു സമൂഹത്തിലെ വ്യത്യസ്ത ജാതിസമൂഹങ്ങളുടെ അഭിലാഷങ്ങളെ കേന്ദ്രീകൃതമാക്കിത്തീർക്കുന്നതിൽ വിജയം കൈവരിക്കാൻ അവർക്ക് കഴിഞ്ഞാൽ അതൊരു വലിയ ദേശസേവനമായിരിക്കും* (ഹിന്ദുത്വ സൈദ്ധാന്തികനും ആർ.എസ്.എസ് മറാഠി വാരികയായ *വിവേകി*ന്റെ പത്രാധിപരുമായ രമേശ് പതംഗേ എഴുതിയ ലേഖനത്തിൽനിന്ന്. *കേസരി വാരിക*, മെയ് 20). ഗംഭീരമായിരിക്കുന്നു! പക്ഷേ, രാജ്നാഥ് സിംഗ്ജിയും അദ്വാനിജിയും ഇത് അംഗീകരിച്ചുതരുമോ എന്നതു മാത്രമാണ് പ്രശ്നം.

ഇസ്‌ലാം, ക്രൈസ്തവത, കമ്യൂണിസം എന്നിവക്ക് പുറത്ത് നാട്ടിൽ നടക്കുന്ന സർവകാര്യങ്ങളെയും സ്വാംശീകരിച്ച് തങ്ങളുടേതാക്കുക എന്നത് ഹിന്ദുത്വവാദികളുടെ സുപ്രധാനമായ സാംസ്കാരിക അജണ്ടയാണ്. സവർണ മേൽക്കോയ്മക്കെതിരെ ഇന്ത്യ കണ്ട ഏറ്റവും തീക്ഷ്ണമായ പ്രക്ഷോഭ സംരംഭമായിരുന്നു ശ്രീബുദ്ധൻ രൂപം കൊടുത്ത ബൗദ്ധ സംസ്കാരം. അതിനെ സ്വാംശീകരിച്ച് അവർ ഹിന്ദുത്വത്തിന്റെ ഭാഗമാക്കി. സിഖ് സംസ്കാരത്തെയും ദലിത്, ബഹുജന, ആദിവാസി സംസ്കാരങ്ങളെയുമെല്ലാം അവർ അങ്ങനെ ഹിന്ദുത്വത്തിന്റെ ഒറ്റ ദണ്ഡിൽ ബന്ധിച്ചു. ഇപ്പോൾ ഇതാ മായാവതിയും. എല്ലാം ഒരു മായ!

contactseethi@yahoo.co.in